നം. എ3/29717/2015/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ,
തിരുവനന്തപുരം 33
ഫോൺ; 0471-2303107
തീയതി. 25/11/2015

## സർക്കുലർ

*വിഷയം : കോളേജ് വിദ്യാഭ്യാസം- എസ്റ്റാബ്ലിഷ്മെന്റ് - എഫ്.ഡി.പി സബ്സ്റ്റിറ്റ്യൂട്ട് അദ്ധ്യാപക നിയമനങ്ങൾക്ക് സാധൂകരണം നൽകുന്നതു സംബന്ധിച്ച്*

സർക്കാർ കോളേജുകളിലെ എഫ്.ഡി.പി. സബ്സ്റ്റിറ്റ്യൂട്ട് അദ്ധ്യാപക നിയമനങ്ങൾക്ക് കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ സാധൂകരണം തേടുമ്പോൾ ചുവടെ സൂചിപ്പിക്കുന്ന രേഖകൾ സഹിതമാണ് പ്രൊപ്പോസലുകൾ സമർപ്പിക്കേണ്ടത് എന്ന് എല്ലാ സർക്കാർ കോളേജ് പ്രിൻസിപ്പാൾമാർക്കും നിർദ്ദേശം നൽകുന്നു.

1. എഫ്.ഡി.പി സബ്സ്റ്റിറ്റ്യൂട്ടിനെ നിയമിച്ചു കൊണ്ടുള്ള പ്രിൻസിപ്പാളിന്റെ നടപടിക്രമത്തിന്റെ പകർപ്പ്. [നിയമന ഉത്തരവിൽ "കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ സാധൂകരണത്തിന് വിധേയമായി" എന്ന് പ്രത്യേകം കാണിച്ചിരിക്കണം. ടീച്ചർ ഫെലോ ഡെപ്യൂട്ടേഷൻ കഴിഞ്ഞ് തിരികെ ജോലിയിൽ പ്രവേശിക്കേണ്ട തീയതി അക്കാദമിക് വർഷം കോളേജ് തുറക്കുന്ന ജൂണിലെ ആദ്യ ദിവസം ആണെങ്കിൽ സബ്സ്റ്റിറ്റ്യൂട്ട് അദ്ധ്യാപകനെ തലേ വർഷത്തെ അക്കാദമിക് വർഷം അവസാനിക്കുന്ന മാർച്ച് 31 വരെ മാത്രമേ നിയമിക്കാവു. പുതിയ അക്കാദമിക് വർഷം ആരംഭിക്കുന്ന ജൂണിൽ ജോലി ചെയ്യാത്ത സബ്സ്റ്റിറ്റ്യൂട്ട് അദ്ധ്യാപകർക്ക് മുൻ അദ്ധ്യയന വർഷത്തെ വെക്കേഷൻ കാലയളവിലെ (ഏപ്രിൽ, മെയ്) ശമ്പളം നൽകാൻ ഇടവരരുത്.]
2. ടീച്ചർ ഫെല്ലോയ്ക്ക് എഫ്.ഡി.പി ഫെലോഷിപ്പ് അനുവദിച്ച യു.ജി.സി അംഗീകാരത്തിന്റെ പകർപ്പ്
3. ടീച്ചർ ഫെല്ലോയുടെ വിടുതൽ ഉത്തരവിന്റെ പകർപ്പ്
4. എഫ്.ഡി.പി സബ്സ്റ്റിറ്റ്യൂട്ടിന്റെ ഒഴിവ് പരസ്യപ്പെടുത്തിക്കൊണ്ടുള്ള പത്രപ്പരസ്യത്തിന്റെ പകർപ്പ് (പത്രത്തിന്റെ പേര്, പരസ്യത്തീയതി എന്നിവ വ്യക്തമായിരിക്കണം)
5. സബ്സ്റ്റിറ്റ്യൂട്ടിനെ തിരഞ്ഞെടുത്ത സെലക്ഷൻ കമ്മിറ്റി മീറ്റിംഗ് മിനിട്ട്സിന്റെ പകർപ്പ്
6. സബ്സ്റ്റിറ്റ്യൂട്ട് അദ്ധ്യാപക ഇന്റർവ്യൂവിന്റെ സ്കോർ ഷീറ്റ്, റാങ്ക് ലിസ്റ്റ് (Circular No.B1/19991/01/Coll Edn dated 10/9/2004 അനുസരിച്ച്)
7. സബ്സ്റ്റിറ്റ്യൂട്ടിന്റെ Joining Report

8. സബ്സ്റ്റിറ്റ്യൂട്ടിനെ തിരഞ്ഞെടുത്തത് റാങ്ക് ലിസ്റ്റിലെ സീനിയോറിറ്റി പ്രകാരമാണെന്ന് തെളിയിക്കുന്ന രേഖകൾ, ബാധകമാണെങ്കിൽ (ഒന്നാം റാങ്കുകാരെയല്ലാതെ തിരഞ്ഞെടുക്കുന്ന അവസരങ്ങളിൽ ബാധകമായത്.)

മേൽപ്പറഞ്ഞ രേഖകളെല്ലാം പ്രിൻസിപ്പാളിന്റെ മേലൊപ്പോടു കൂടി അയച്ചു തരേണ്ടതാണ്. യു.ജി.സി നിഷ്കർഷിക്കുന്ന വിദ്യാഭ്യാസ യോഗ്യതകൾ സംബന്ധിച്ച സർട്ടിഫിക്കറ്റുകളെല്ലാം പരിശോധിച്ചാണ് സബ്സ്റ്റിറ്റ്യൂട്ടിന്റെ നിയമനം നടത്തിയതെന്നും പ്രിൻസിപ്പാൾമാർ ഉറപ്പു വരുത്തേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ സമർപ്പിക്കുന്ന പ്രൊപ്പോസലുകൾ അതേപടി തിരികെ അയയ്ക്കുന്നതാണ്.

ഒപ്പ്/-
വി.വിലാസചന്ദ്രൻനായർ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ്:

1. എല്ലാ സർക്കാർ കോളേജ് പ്രിൻസിപ്പാൾമാർക്കും
2. സി.എ -ഡയറക്ടർ
3. സി.എ -സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
4. സൂപ്രണ്ട് എ, ബി, സെക്ഷനുകൾ
5. എ,ബി സെക്ഷനുകളിലെ എല്ലാ സീറ്റുകൾക്കും
6. അക്കൗണ്ട്സ് ഓഫീസർ (എ,ബി, ആഡിറ്റ്)
7. കരുതൽ ഫയൽ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

മഞ്ജു 20/11/15